# ഇൻററാക്ടീവ് ടെലിവിഷൻ രംഗത്ത് 450 കോടി നിക്ഷേപിക്കും

ബാംഗ്ലൂർ: ഇൻററാക്ടീവ് ടെലിവിഷൻ സേവനരംഗത്ത് ആക്ട് ടെലിവിഷൻ 450 കോടിയുടെ നിക്ഷേപമിറക്കും. ബാംഗ്ലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന കമ്പനി കേബിൾ ടി.വി, ഡിജിറ്റൽ ടി.വി, ഐ.പി.ടി.വി ബ്രോഡ്ബാൻറ് സേവനങ്ങളാണ് നൽകിവരുന്നത്. ബാംഗ്ലൂരിൽ ഇപ്പോൾ ആക്ടിന് ഒരു ലക്ഷം വരിക്കാരാണ് ഉള്ളത്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഒരു ലക്ഷം വരിക്കാരെ കൂടി കമ്പനി ലക്ഷ്യമിടുന്നതായി കമ്പനി മാനേജിംഗ് ഡയറക്ടർ സുന്ദർരാജു പറഞ്ഞു.

ഇഷ്ടപ്പെട്ട ടി.വി ചാനൽ, മൂന്ന് ഭാഷകളിൽ നിന്നായി നാനൂറിലധികം സിനിമകൾ, ലോകവാർത്താ ചാനലുകൾ, വീഡിയോ, ഇൻറർനെറ്റ് തുടങ്ങിയ സേവനങ്ങൾ ആക്ട് ടെലിവിഷൻ നൽകി വരുന്നതായി കമ്പനി അധികൃതർ അറിയിച്ചു.